
യൂണിറ്റ് 27: സ്കൂൾവിക്കി - **വഴികാട്ടിയും മാപ്പും ചേർക്കൽ**

വഴികാട്ടിയും മാപ്പും സ്കൂൾവിക്കിയിൽ അത്യാവശ്യമാണ്. വിദൂരദേശങ്ങളിൽ നിന്നും വരുന്നവർക്ക് വിദ്യാലയത്തിലെത്താൻ ഈ വിവരങ്ങൾ പ്രയോജനപ്പെടുന്നുണ്ട്.





**വിദ്യാലയത്തിലേക്കെത്തുന്നതിന് രേഖപ്പെടുത്തിയ വഴി ശ്രദ്ധിക്കുക**


## വഴി രേഖപ്പെടുത്തൽ

- **പ്രധാന പട്ടണത്തിൽ നിന്നും റോഡ് മാർഗ്ഗം എങ്ങനെ വിദ്യാലയത്തിലെത്താമെന്ന് രേഖപ്പെടുത്തണം.**
- **തീവണ്ടി വഴി യാത്ര ചെയ്യുന്നവർക്ക് എങ്ങനെ വിദ്യാലയത്തിലെത്താമെന്ന് രേഖപ്പെടുത്തണം**
- **വിമാനത്താവളത്തിൽ നിന്നുള്ള മാർഗ്ഗം ഉണ്ടെങ്കിൽ രേഖപ്പെടുത്താം.**
- **Openstreetmap.org സങ്കേതമുപയോഗിച്ച് സ്കൂളിന്റെ സ്ഥാനം കൃത്യമായി രേഖപ്പെടുത്തണം.**


ഏതാനും വിദ്യാലയ താളുകളിൽ, താഴെക്കാണുന്നപോലെ പിഴവുകൾ ഉണ്ട്. അവ പരിഹരിക്കണം.





**സ്കൂളിലേക്കെത്താനുള്ള വഴി ഇങ്ങനെ അവ്യക്തമാവരുത്**





**സ്കൂളിലേക്കെത്താനുള്ള വഴി ഇങ്ങനെ അപൂർണ്ണമാവരുത്**





**സ്കൂളിലേക്കെത്താനുള്ള വഴി ഇങ്ങനെ അവ്യക്തവും അപൂർണ്ണവുമാവരുത്. പ്രത്യേക Text Box വേണ്ടതില്ല**




**Extra HTML കോഡുകൾ ഉപയോഗിക്കേണ്ടതില്ല**




**Extra HTML കോഡുകൾ ഉണ്ടെങ്കിൽ നീക്കം ചെയ്യാം**





**ലളിതമായ ഘടനയിൽ, വിദ്യാലയത്തിലേക്കെത്താനുള്ള വഴികൾ രേഖപ്പെടുത്തുക**

## Openstreet Map ചേർക്കൽ


ഭൂരിഭാഗം വിദ്യാലയങ്ങളുടെയും പേജിൽ Map ചേർത്തിട്ടുണ്ട്. openstreetmap.org യിൽ മുൻപ് ലഭ്യമല്ലാതിരുന്നതോ ശ്രദ്ധയിൽപ്പെടാതിരുന്നതോ ആയതോ cordinates നൽകിയതിൽ പിഴവുവന്നതോ ആയ കാരണങ്ങളാൽ, ചില വിദ്യാലയതാളിൽ മാപ് ഇല്ലായെന്നുവരാം. ഇവയിൽ മാപ് ചേർക്കുന്നതിനുള്ള മാർഗ്ഗമാണ് താഴെ വിവരിക്കുന്നത്.

ജി.എൽ.പി.എ.സ്. ചെലവൂർ പേജിൽ മാപ് ചേർക്കുന്നതെങ്ങനെയെന്ന് പരിശോധിക്കാം.





**നിലവിൽ Map ചേർത്തിട്ടില്ല**


openstreetmap.org തുറക്കുക





**www.openstreetmap.org**




**സ്ഥലപ്പേര് (Chelavoor) നൽകി Search ചെയ്യുക.**




**Search ചെയ്ത സ്ഥലപ്പേരുള്ള ഒന്നിലധികം കണ്ണി ലഭിക്കുന്നു.**





**ഉദ്ദേശിച്ച ഫലം കിട്ടുന്നില്ലെങ്കിൽ More results ക്ലിക്ക് ചെയ്യുക.**

**സ്ഥലപേര് വ്യത്യസ്ത Spelling ഉപയോഗിച്ച് search ചെയ്യേണ്ടിവന്നേക്കാം.**


**(Eg: Chelavur, Chilavoor, Chilavur .......)**




**Right click on the Link ==> Show Address**





**coordinates കോപ്പി ചെയ്യുക**





**Open Schoolwiki page ==> വഴികാട്ടി**

**#multimaps:**എന്നതിനുശേഷം **അക്ഷാംശവും രേഖാംശവും** (കോമയിട്ട് വേർതിരിച്ച്) നല്കുക. Zoom=18 നൽകുന്നതാണ് ഉചിതം.


ഉദാ: {{**#multimaps:11.792681, 75852605 | zoom=18**}}




**coordinates + pipe sign + zoom=18**


- സേവ് ചെയ്യുക





***Map added correctly***

കുറിപ്പ്:


എല്ലാ വിദ്യാലയത്തിന്റേയും പേജിൽ Map അത്യാവശ്യമായും ചേർക്കണം. ഏതെങ്കിലും സ്കൂൾപേജിൽ map ഇല്ലാതെ വരികയും Openstreetmap.org യിൽ നിന്ന് coordinates എടുത്ത് വഴികാട്ടിയിൽ ചേർക്കുന്ന പ്രവർത്തനം സാങ്കേതികമായി ബുദ്ധിമുട്ട് ഉണ്ടാക്കുകയും ചെയ്യുന്നുവെങ്കിൽ, Schoolwiki HelpDesk ന്റെ ശ്രദ്ധയിൽപ്പെടുത്തുക. ഇക്കാര്യം കാര്യനിർവ്വാഹകരെ അറിയിക്കുന്നതിന്, സ്കൂൾ പേജിൽ **{{map}}** എന്ന ഫലകം ചേർക്കുകയാണ് ചെയ്യേണ്ടത്.




പേജ് തുറന്ന് **{{map}}** എന്ന് ചേർത്ത് സേവ് ചെയ്യുക




**ഇത്തരമൊരു സന്ദേശം പേജിൽ ചേർക്കപ്പെടും**




**കാര്യനിർവ്വാഹകർക്ക് ഇത്തരം വിദ്യാലയങ്ങളുടെ പട്ടിക ലഭിക്കും**

# Video Tutorial

-----------------------------------------------------------------------------------------

മുഴുവൻ യൂണിറ്റുകളുടേയും pdf ഫയലുകളും പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന വീഡിയോ ഫയലുകളും ഇവിടെക്കാണാം

-----------------------------------------------------------------------------------------

- പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഇവിടെ രജിസ്റ്റർ ചെയ്യുക.
- ജില്ലയുടെ വാട്സ്ആപ് ഗ്രൂപ്പിൽ ചേരുന്നതിന് ഇവിടെ സൗകര്യമുണ്ട്.
- സാങ്കേതിക സഹായത്തിന് : SchoolwikiHelpDesk സന്ദർശിക്കുക.